പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *513.                    26.10.2016 ന് മറുപടിയ്ക്ക്

## ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, കെ.എസ്.ശബരീനാഥൻ<br>,, ഹൈബി ഈഡൻ<br>,, എം. വിൻസെന്റ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ 19-7-2012 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) 130/2012/ടി.ഡി. നമ്പർ പ്രകാരമുള്ള അബ്കാരി നയത്തിൽ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി ലഹരിവിമുക്ത കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകണമെന്ന് നിർദ്ദേശിക്കുകയും 2012-13 സാമ്പത്തിക വർഷത്തിൽ ലഹരിവിമുക്ത കേന്ദ്രങ്ങൾക്കും, മറ്റ് സാമൂഹിക പ്രതിബദ്ധത പദ്ധതികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനായി 3.5 കോടി രൂപ (മൂന്നര കോടി രൂപ മാത്രം) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വകയിരുത്തുകയും ചെയ്തിരുന്നു. ടി തുകയിൽ നിന്നും 9.6.2014 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്)86/2014/ടി.ഡി നമ്പർ പ്രകാരം 11 ലഹരി വിമുക്ത കേന്ദ്രങ്ങൾക്കായി 1,00,35,840/- രൂപ (ഒരു കോടി മുപ്പത്തയ്യായിരത്തി എണ്ണൂറ്റി നാല്പത് രൂപ മാത്രം) അനുവദിക്കുകയും 19.6.2014 തീയതിയിൽ എക്സൈസ് കമ്മീഷണർക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നും ഈ തുക നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലഹരി വിമുക്ത കേന്ദ്രങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ലഹരിവിമുക്ത കേന്ദ്രങ്ങൾ | തുക (രൂപ) |
|---|---|---|
| 1 | വചനജ്യോതി ഡീ-അഡിക്ഷൻ സെന്റർ, പിലാത്തറ, കണ്ണൂർ | 7,82,400 |
| 2 | സാന്ത്വനം ഡീ-അഡിക്ഷൻ സെന്റർ, കോഴിക്കോട് | 14,34,240 |
| 3 | സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷൻ, അട്ടപ്പാടി, പാലക്കാട്. | 8,68,800 |
| 4 | നവചൈതന്യ, ആളൂർ, കല്ലേറ്റുംകര തൃശ്ശൂർ-680683 | 8,68,800 |
| 5 | സന്തുല ട്രസ്റ്റ് ഹോസ്പിറ്റൽ, ഒലിയപ്പുറം പി.ഒ, കൂത്താട്ടുകുളം, എറണാകുളം | 8,68,800 |
| 6 | ഡീ-അഡിക്ഷൻ യൂണിറ്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്യാട്രി, കൊച്ചിൻ മെഡിക്കൽ കോളേജ്, എറണാകുളം | 8,68,800 |
| 7 | ഡയർ, ലഹരി വിമോചന കേന്ദ്രം, പീരുമേട് പി.ഒ, ഇടുക്കി. | 8,68,800 |
| 8 | ലിബറേഷൻ സോഷ്യൽ ചാരിറ്റബിൾ സൊസൈറ്റി, വഴിത്തല, തൊടുപുഴ, ഇടുക്കി | 8,68,800 |
| 9 | ഹോളിക്രോസ് മെന്റൽ ഹെൽത്ത് & ഡി-അഡിക്ഷൻ സെന്റർ, കൂവപ്പള്ളി (പി.ഒ) , കാഞ്ഞിരപ്പള്ളി, കോട്ടയം -686518 | 8,68,800 |
| 10 | മാർ അപ്രേം മെഡിക്കൽ സെന്റർ, ചിറക്കടവ്, മണ്ണംപ്ലാവ്, കോട്ടയം-686520 | 8,68,800 |
| 11 | അഗാപ്പെ ഡീ-അഡീക്ഷൻ സെന്റർ, ചീങ്കൽത്തടം പി.ഒ, മൈലപ്ര, പത്തനംതിട്ട. | 8,68,800 |
| | **ആകെ** | **1,00,35,840** |

| | | | |
|---|---|---|---|
| ബി) | എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി; വിശദാംശം നൽകുമോ? | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**